പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7376 — 14.7.2014-ൽ മറുപടിക്ക്

## നഗരങ്ങളിലെ മാലിന്യനിർമ്മാർജ്ജനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാധാകൃഷ്ണൻ<br>,, എസ്. ശർമ്മ<br>,, പി. ശ്രീരാമകൃഷ്ണൻ<br>,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ നഗരങ്ങൾ മാലിന്യ മുക്തമാക്കാൻ സാധിച്ചിട്ടുണ്ടോ ; | (എ) നഗരങ്ങളിലെ ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ജെ.എൻ.എൻ.യു.ആർ.എം, യു.ഐ.ഡി.എസ്.എസ്.എം.റ്റി എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികൾ നഗരസഭകളിൽ ഊർജിതമായി നടപ്പാക്കി വരികയാണ്. |
| (ബി) ഇതിനായി വിവിധ ഘട്ടങ്ങളിൽ പ്രഖ്യാപിച്ച പദ്ധതികൾ ഏതെങ്കിലും പൂർണ്ണമായി നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ അത് ഏതാണെന്നും അതിന്റെ ഭാഗമായുള്ള ഭൗതികനേട്ടം എത്രത്തോളമാണെന്നും വെളിപ്പെടുത്തുമോ; | (ബി) പദ്ധതികളൊന്നും പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ല. |
| (സി) പ്രഖ്യാപിത പദ്ധതികളിൽ നടപ്പിലാക്കാൻ സാധ്യമായിട്ടില്ലാത്തവ ഏതൊക്കെ; വിശദമാക്കുമോ ; | (സി) യു.ഐ.ഡി.എസ്.എസ്.എം.റ്റി പദ്ധതിയിൻ കീഴിൽ അംഗീകാരം ലഭിച്ചുവെങ്കിലും ആലുവാ നഗരസഭയുടെ ഖരമാലിന്യ സംസ്കരണ പദ്ധതി സ്ഥല ലഭ്യതയുടെ അഭാവത്തിൽ ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല. ജെ.എൻ.എൻ.യു.ആർ.എം പദ്ധതിയിൻ കീഴിൽ തിരുവനന്തപുരം കോർപ്പറേഷനിലെ ഖരമാലിന്യസംസ്കരണത്തിനായി വിളപ്പിൽശാലയിൽ ഒരു സംസ്കരണ പ്ലാന്റ് സ്ഥാപിച്ചുവെങ്കിലും പൊതുജനങ്ങളുടെ എതിർപ്പു കാരണം നിലവിൽ പ്രവർത്തം നിറുത്തി വച്ചിരിക്കുകയാണ്. |
| (ഡി) ഈ സർക്കാർ ഓരോ വർഷവും മാലിന്യ മുക്തപരിപാടികൾക്ക് ബജറ്റിൽ വകയിരുത്തിയ തുകയും യഥാർത്ഥത്തിൽ ചെലവഴിക്കപ്പെട്ട തുകയും സംബന്ധിച്ച് വിശദമാക്കുമോ ? | (ഡി) വിശദവിവരം താഴെ ചേർക്കുന്നു. |

(Rs. in lakhs)

| Sl. No | Year | Outlay | Amount Recived | Expenditure |
|---|---|---|---|---|
| 1 | 2011-12 | 5544 | 5544 | 5543 |
| 2 | 2012-13 | 17766 | 6555 | 5177 |
| 3 | 2013-14 | 9185 | 2366 | 2193 |

സെക്ഷൻ ഓഫീസർ